പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 223

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 223

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

1119/2024

.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 223

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിലെ (കെ) ഖണ്ഡത്തിൽ "അതോറിറ്റി വച്ചുപോരുന്നതും" എന്നീ വാക്കുകൾക്കു പകരം "കൗൺസിൽ വച്ചുപോരുന്നതും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ, "1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (1953-ലെ IX)" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും ബ്രാക്കറ്റിനും പകരം "2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (2021-ലെ 36-ാം ആക്റ്റ്)" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ;

(ഇ) ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ;

(ഇഎ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡെന്റൽ സർജൻ;".

5. 15-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (ഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സുരക്ഷ, അണുബാധ നിയന്ത്രണം, നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയുടെ നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗ്ഗരേഖകൾ പാലിക്കുമെന്ന് ഉറപ്പ് നൽകുക;".

6. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിലെ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 48-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 48-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെയും (1)-ാം ഉപവകുപ്പിലെയും, "കൗൺസിലിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയും നിർവ്വാഹക സമിതിയിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകളും, (3)-ാം ഉപവകുപ്പിലെ "കൗൺസിലിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെ അല്ലെങ്കിൽ അതോറിറ്റിയുടെ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയോ നിർവ്വാഹക സമിതിയിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെയോ നിർവ്വാഹക സമിതിയുടെയോ അല്ലെങ്കിൽ അതോറിറ്റിയുടെയോ" എന്നീ വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

8. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,—

(1) "(1) കൗൺസിലിന്റെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ:—" എന്നീ ബ്രാക്കറ്റിനും അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ,-" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(2) ഖണ്ഡം (ഇ)-യിലെ "കൗൺസിലിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലോ നിർവ്വാഹക സമിതിയിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനായി സംസ്ഥാന നിയമസഭ പാസ്സാക്കിയ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൻ കീഴിൽ (2018-ലെ 2-ാം ആക്ട്) എസ്.ആർ.ഒ. നമ്പർ 929/2018 ആയി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങൾ, കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023) പരിശോധിക്കുകയും, അതിന്റെ പതിനൊന്നാമത് റിപ്പോർട്ടിൽ പ്രസ്തുത ആക്ടിൽ ചില ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിനുപുറമേ, പ്രസ്തുത ആക്ടിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങളിലും 15, 20, 49 എന്നീ വകുപ്പുകളിലും ചില ഭേദഗതികൾ കൊണ്ടുവരുന്നതിനും മറ്റുമായി 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ ഭേദഗതി വരുത്തണമെന്ന് സർക്കാർ തീരുമാനിച്ചു.

2. മേൽപറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വീണാ ജോർജ്ജ്

# 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിൽ (2018-ലെ 2-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(കെ) "രജിസ്റ്റർ" എന്നാൽ അതോറിറ്റി വച്ചുപോരുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;"

** ** ** **

3. സംസ്ഥാന കൗൺസിൽ സ്ഥാപിക്കൽ.— (1) സർക്കാർ, വിജ്ഞാപനം വഴി, ഇതിലേക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കൗൺസിൽ എന്ന് വിളിക്കപ്പെടുന്ന ഒരു കൗൺസിൽ സ്ഥാപിക്കേണ്ടതാണ്.

(2) കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

(എച്ച്) 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റിന്റെ (1953-ലെ IX) വ്യവസ്ഥകൾക്കുകീഴിൽ രൂപീകരിക്കപ്പെട്ട,—

(i) മോഡേൺ മെഡിസിൻ കൗൺസിലും;

(ii) ഇൻഡിജീനസ് മെഡിസിൻ കൗൺസിലും;

(iii) ഹോമിയോപ്പതി കൗൺസിലും,

നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി വീതം;

** ** ** **

14. <u>രജിസ്ട്രേഷനുള്ള അതോറിറ്റി</u>.— (1) സർക്കാർ, വിജ്ഞാപനം വഴി, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ഓരോ ജില്ലയിലും താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ, എക്സ്-ഓഫിഷ്യോ - ചെയർപേഴ്സൺ;

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്), എക്സ്-ഒഫിഷ്യോ - വൈസ്-ചെയർപേഴ്സൺ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ, അദ്ദേഹം അതോറിറ്റിയുടെ കൺവീനർ ആയിരിക്കേണ്ടതാണ്;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ;

(എഫ്) ആരോഗ്യരംഗത്തുള്ള ഒരു പ്രൊഫഷണൽ സംഘടനയിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം, അദ്ദേഹത്തിന്റെ ഉദ്യോഗകാലയളവ് മൂന്ന് വർഷം ആയിരിക്കുന്നതാണ്.

** ** ** **

15. <u>രജിസ്ട്രേഷനുള്ള ഉപാധികൾ</u>.—ഓരോ ക്ലിനിക്കൽ സ്ഥാപനവും രജിസ്ട്രേഷനുള്ള ആവശ്യത്തിലേക്കായി താഴെപ്പറയുന്ന ഉപാധികൾ പാലിച്ചിരിക്കേണ്ടതാണ്, അതായത്:—

(എ) ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിന് അനുസൃതമായ നിലവാരം ഉണ്ടായിരിക്കേണ്ടതാണ്;

** ** ** **

(ഇ) സുരക്ഷയുടെയും അണുബാധാ നിയന്ത്രണത്തിന്റെയും നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങളുടെയും വിജ്ഞാപനം ചെയ്യപ്പെടാവുന്ന നിലവാരങ്ങൾ പുലർത്തുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾ.

** ** ** **

20. സ്ഥിരം രജിസ്ട്രേഷന്റെ സാധുത.—സ്ഥിരം രജിസ്ട്രേഷന് മൂന്ന് വർഷക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതും തുടർന്ന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ട് കാലാവധി അവസാനിക്കുന്നതിന് മുമ്പായി അത് പുതുക്കാവുന്നതുമാണ്.

** ** ** **

48. കൗൺസിലിലെയും അതോറിറ്റിയിലെയും അംഗങ്ങളുടെ ഔദ്യോഗിക കാലാവധി, ആകസ്മിക ഒഴിവുകൾ, രാജി വയ്ക്കൽ തുടങ്ങിയവ.—(1) കൗൺസിലിലെയും അതോറിറ്റിയിലെയും അനൗദ്യോഗിക അംഗങ്ങളുടെ ഉദ്യോഗ കാലാവധി അവർ നാമനിർദ്ദേശം ചെയ്യപ്പെട്ട വിജ്ഞാപന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതും രണ്ടിൽ കൂടുതൽ തവണ അംഗമായി ഉദ്യോഗം വഹിക്കാൻ പാടില്ലാത്തതുമാകുന്നു.

** ** ** **

(3) കൗൺസിലിലെയോ അതോറിറ്റിയിലെയോ ഏതൊരംഗത്തിനും ഏതു സമയത്തും, അതത് സംഗതിപോലെ കൗൺസിലിന്റെ അല്ലെങ്കിൽ അതോറിറ്റിയുടെ ചെയർപേഴ്സനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി നൽകിക്കൊണ്ട് രാജിവയ്ക്കാവുന്നതും രാജിക്കത്തിൽ പരാമർശിച്ച തീയതി മുതൽ അല്ലെങ്കിൽ തീയതി പരാമർശിക്കാത്തപക്ഷം ചെയർപേഴ്സൺ രാജി സ്വീകരിച്ച തീയതി മുതൽ പ്രാബല്യത്തോടെ നിയമപരമായി ഉദ്യോഗം രാജിവച്ചതായി കരുതപ്പെടേണ്ടതുമാണ്.

** ** ** **

49. അംഗത്വത്തിനുള്ള അയോഗ്യത.—(1) കൗൺസിലിന്റെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ:—

(എ) ഒരു അവിമുക്ത നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ; അഥവാ

** ** ** **

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാനിടയുള്ള സാമ്പത്തികമായതോ അങ്ങനെയുള്ള മറ്റു താല്പര്യങ്ങളോ കൗൺസിലിലോ അതോറിറ്റിയിലോ അയാൾക്ക് ഉണ്ടെങ്കിൽ,

അയോഗ്യനായിരിക്കുന്നതാണ്.

** ** ** **